


മഷി
ലിറ്റിൽ കൈറ്റ്സ് മാഗസിൻ
GOVT. HIGHER SECONDARY SCHOOL
MUTHUVALLUR
Ph: 0483-2714428
GHSS MUTHUVALLUR
2020

*ആശംസ*



*അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖലയിൽ കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനുതകുന്ന തനതുപ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ എന്ന ആശയം. മുതുവല്ലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന 'മഷി 'എന്ന ഡിജിറ്റൽ മാഗസിന് പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. ഇതിനു വേണ്ടി പരിശ്രമിച്ച എല്ലാവരേയും അഭിനന്ദിക്കുന്നതോടൊപ്പം മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.*

നാരായണൻ.എം
പ്രധാനാധ്യാപകൻ

## *ആശംസ*

*മുതുവല്ലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' വിദ്യാർത്ഥികൾ ഒരുക്കുന്ന 'മഷി' എന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ കഴിവുകൾ നല്ല രീതിയിൽ പ്രകടിപ്പിക്കാനുള്ള ഒരു വേദിയായി മാറട്ടെ എന്നാശംസിക്കുന്നു*



# മാന്ത്രിക വടി

ഫാത്തിമ റിദ
6 ബി

ഒരു കൊച്ചു ഗ്രാമത്തിൽ ജോൺ എന്ന് പേരുള്ള ഒരു കുഞ്ഞുണ്ടായിരുന്നു അവന്റെ ചെറുപ്പം മുതലുള്ള ആഗ്രഹമായിരുന്നു ലോകം ചുറ്റുക എന്നത് കാലങ്ങൾ കടന്നുപോയി അവൻ വലുതായി .ഒരു ദിവസം അവൻ ആരോടും പറയാതെ ലോകം ചുറ്റികാണാൻ വീടുവിട്ടു ഇറങ്ങി.ഒരുപ്പാടു യാത്രചെയ്ത് അവൻ ക്ഷീണിതനായി ഒരു കാടിനു നടുവിൽ തനിച്ചു നിൽക്കെ ,പെട്ടന്ന് അവനൊരു കാഴ്ചകണ്ടു അത്ഭുതത്തോടെ അവൻ പറഞ്ഞു ആരാണ്ഈ കാടിനു നടുവിൽ ഒരു കൊട്ടാരം പണിതത് ഒന്നു കയറിനോക്കൊ ആരങ്കിലും ഉണ്ടങ്കിലോ ?

അവൻ കൊട്ടാരത്തിലേക്ക് കയറി വിളിച്ചു കൂവി അകത്ത് ആരെങ്കിലും ഉണ്ടോ......പക്ഷെ ഒരു ശബ്ദവും കേട്ടില്ല ആരും ഇല്ല എന്ന ധൈര്യത്തിൽ അവൻ അവിടെ കിടന്നു ഉറങ്ങിപോയി കുറച്ച് കഴിഞ്ഞപ്പോ പാതി ഉറക്കത്തിൽ എന്തോ ശബ്ദം കേട്ടു രണ്ടാളുകൾ തമ്മിൽ സംസാരിക്കുന്നു അവൻ കാതോർത്തിരുന്നു അവർ എന്തോ ശവപ്പെട്ടി പൊളിക്കുന്ന കാര്യമാണ് പറയുന്നത് പെട്ടന്ന് അവൻ എണീറ്റ് നിന്ന് ഉറക്കെ ചോദിച്ചു എന്തിനാണ് നിങ്ങൾ ഈ ശവപ്പെട്ടി പൊളിക്കുന്നത് . അവർ പറഞ്ഞ മറുപടി ഇതിനകത്തു കിടക്കുന്നയാൾ ഞങ്ങൾക്ക് 25 സ്വർണ്ണ നാണയങ്ങൾ തരാതെയാണ് മരിച്ചു കിടകുന്നത് അതുകൊണ്ടാ .സുഹൃത്തെ നിങ്ങൾ ചെയ്യുന്നത് തെറ്റാണ് നിങ്ങൾക്ക് സ്വർണ്ണനാണയം ഞാൻ തരാം അങ്ങനെ അവന്റെ കയ്യിലെ നാണയങ്ങൾ അവർക്ക് നൽകി ജോൺ ആ കൊട്ടാരമൊക്കെ ചുറ്റിനടന്നുകൊണ്ടിരിക്കെ ഒരു മുറികുള്ളിൽ ഒരു രാജകുമാരിയെ കണ്ടു അതിസുന്ദരിയാണവൾ അവളെ കണ്ടതും ജോൺ അത്ഭുതപെട്ടു കാരണം അവൻ കണ്ട സ്വപ്നത്തിലെ അതേ പെൺകുട്ടി. പക്ഷേ രാജകുമാരിയെ വിവാഹം കഴിക്കണമെങ്കിൽ രാജകുമാരിയുടെ ശാപം തീരണം *ജോണിനു ഇതൊന്നും അറിയില്ലായിരുന്നു അവളെ കണ്ടതും അവൻ ഓടിച്ചെന്ന് അവിടെ വാതിലിനരികിലുണ്ടായിരുന്ന റോസാചെടിയിൽ നിന്ന് ഒരുപൂവെടുത്ത് രാജകുമാരിയുടെ ദേഹത്തേക്ക് എറിഞ്ഞു പെട്ടന്ന് അവിടമാകെ പ്രകാശം പരന്നു അങ്ങനെ ജോൺ രാജകുമാരിയുടെ അരികിൽ ചെന്നുനിന്നു പറഞ്ഞു ലോകം ചുറ്റികാണാൻ വന്നതാണ് ഞാൻ എന്റെ കൂടെ പോരുന്നോ രാജകുമാരി. ഇതുകേട്ടതും രാജകുമാരി അവന്റെ കൂടെ യാത്രതിരിച്ചു.*

# പുതുവർഷം

ശ്രീതുമോൾ

8 എ

ഓരോ രാവും വിടവാങ്ങിയ
ആ രാവുകൾ ഇനികാണാനാവുമോ
മഞ്ഞിൽ പുതഞ്ഞരാവുകൾ ഇനി
ഓർമ്മയിൽ മാത്രം
ഓരോ ദിനവും വിടവാങ്ങുമ്പോഴും
ഓരോ പകലും പുനർജനിക്കുന്നു
ആയുസിന്റെ കണക്കുബുക്കിൽ
താളുകൾ ഇനിയും നിശ്ചലം
ഇപ്പോഴിതാ ഒരു വർഷം കൂടി
കൊഴിഞ്ഞുപോയിരിക്കുന്നു
ആരറിഞ്ഞു .....
അടുത്ത പുതുവർഷത്തെ വരവേൽക്കാൻ
ഇനി നമ്മളിൽ ചിലർമാത്രം ബാക്കിയാവുന്നു.

# സൗഹൃദം

ശ്രേയ
6 ബി

ഉതിനൂർ ഗ്രാമത്തിൽ ഒരു വലിയ കൊട്ടാരമുണ്ടായിരുന്നു അവിടെ വിദ്യാധര എന്ന് പേരുള്ള രാജാവുണ്ടായിരുന്നു അയാൾ ക്രൂരനും ദയയില്ലാത്തവനുമായിരുന്നു ആര് എന്ത് തെറ്റ് ചെയ്താലും വധശിക്ഷയാണ് വിധിക്കുന്നത് .ഒരിക്കൽ രാമൻ എന്നു പേരുള്ള ഒരാൾ ദാഹിച്ചപ്പോൾ കൊട്ടാരത്തിലെ കിണറ്റിലെ വെള്ളം കുടിക്കുകയായിരുന്നു പെട്ടന്ന് രാജാവിന്റെ ഭടൻമാർ അയാളെ പിടിച്ചുകൊണ്ടുപോയി രാജാവിന്റെ മുന്നിൽ നിർത്തി രാജാവ് ചോദിച്ചു എന്തിനാണ് നീ എന്റെ കിണറ്റിൽ നിന്ന് വെള്ളം കുടിച്ചത് അതും ഞാനറിയാതെ .ക്ഷമിക്കണം പ്രഭോ ദാഹിച്ചപ്പോൾ ഒരു തുള്ളി വെള്ളം കുടിച്ചതാ എന്നോട് ക്ഷമിച്ചാലും പ്രഭോ. ഈ കിണറ്റിൽ ഞാൻ കുടിച്ചതിൽ കൂടുതൽ വെള്ളം ഉണ്ടല്ലോ അങ്ങയ്ക്ക് കുടിക്കാൻ എന്ന് രാമൻ പറഞ്ഞു .അതു കേട്ടതും രാജാവ് എന്നെ ധിക്കരിക്കാൻ മാത്രമായോ ,സൈനികരേ.......ഇയാളെ കൊണ്ടുപോയി തടവറയിൽ ഇടൂ രാജാവ് ഉത്തരവിട്ടു. വധശിക്ഷയ്ക്ക് മുമ്പ് നിന്റെ അവസാന ആഗ്രഹം പറയൂ ഒരു ഭടൻ ചോദിച്ചു .രാമൻ കേട്ടുടനെ പറഞ്ഞു എനിക്ക് എന്റെ കുടുംബത്തിനെ കാണണം അപ്പോ ഭടൻ പറഞ്ഞു നിനക്ക് വീട്ടിൽ പോകാം പകരം നിന്റെ വിലപ്പെട്ടതൊന്ന് ഇവിടെ വച്ചിട്ടു പോകണം വരുമ്പോൾ എടുത്തുകൊണ്ടുപോകാം .രാമൻ തന്റെ ഇണപിരിയാനാവാത്ത കളിക്കൂട്ടുകാരനെ അവിടെ നിർത്തി യാത്ര തിരിച്ചു .കുറച്ചു ദിവസം കഴിഞ്ഞു വധശിക്ഷയുടെ സമയമടുത്തു രാമനെ കാണാത്തതുകൊണ്ട് കൂട്ടുകാരനെ ശിക്ഷയ്ക്ക് വിധിച്ചു . അല്പ സമയം കഴിഞ്ഞപ്പോ രാമൻ തിരിച്ചുവന്നു രാജാവ് അത്ഭുതത്തോടെ പറഞ്ഞു ഇവിടെ നിന്നു പോയവരാരും പിന്നേ തിരിച്ചു വന്നിട്ടില്ല. രാമൻ പറഞ്ഞു പ്രഭോ,അങ്ങ് വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ എന്റ സുഹൃത്തിനെ ഇവിടെ നിർത്തി പോയ ഞാൻ തിരിച്ചു വന്നില്ലെങ്കിൽ എന്റെ സുഹൃത്തിനെ വഞ്ചിക്കുന്നതിനു തുല്ല്യമാവില്ലെ. ഇപ്പോ ഞാൻ വന്നില്ലെ ഇനി എന്നെ വധിക്കാം എന്റെ സുഹൃത്തിനെ വിട്ടയക്കണം പ്രഭോ..ഇതെല്ലാം കേട്ടുകൊണ്ടിരുന്ന രാജാവ് പറഞ്ഞു രാമാ.... നിങ്ങളുടെ ഈ സൗഹൃദത്തിന്റെ മുന്നിൽ ഞാൻ തോറ്റു പോയി ഞാൻ നിങ്ങളെ വിട്ടയക്കുന്നു.. ഓരോ സൗഹൃദത്തിന്റെ മുന്നിലും തലതാഴ് ത്തി നില്ക്കേണ്ടു വരമെന്ന് രാജാവിനു മനസിലായി. ഇതാണ് യഥാർത്ഥ സൗഹാർദം..



# പ്രകൃതി തന്നെ വരം

രമ്യ രാജ്
6 ബി

മുത്തുപൂമ്പൊടി നിറഞ്ഞ പൂവുകൾ
ചാരേ, മഴവില്ലിന്മകൾ ചെറുപൂമ്പാറ്റ
പച്ചപിടിച്ച പുൽത്തകിടുകളാൽ
ഒത്തുചേർന്നു സുരഭില മണ്ണും
പച്ചവിരിച്ച മനോഹര വയലുകൾ
മാറി മാറി പുഞ്ചിരി ത്തൂകി
ഒത്തുചേരും വള്ളിപ്പടർപ്പുകൾ
സന്തോഷമാം നൃത്തമാടും
പുലരി വിരിച്ച സൂര്യകിരണങ്ങൾ
ഒന്മാദഗീതങ്ങൾ നുകരുന്ന പക്ഷികൾ
തെങ്ങിൻതോപ്പിലെ മർമരമാടുന്ന കേരവൃക്ഷം
കളം കളം പാടുന്ന പുഴകൾതൻ
മധുരമാം തേൻരുചികൾ
സ്നേഹവാരിധയാം പ്രകൃതി വരം
സ്നേഹവാരിധയാം പ്രകൃതി വരം

# പൊഴിയുന്ന ഇലകൾ

ഗോപിക
8 ബി

എനിക്ക് പ്രകൃതിയോടിണങ്ങി ജീവിക്കാനാണിഷ്ടം പക്ഷേ ഇപ്പോഴത്തെ മനുഷ്യർ മരങ്ങളേയും ,ആവാസവ്യവസ്ഥകളേയും നശിപ്പിക്കുകയാണ് ഇങ്ങനേ മനുഷരുടെ ഉപദ്രവം സഹിക്കാനാവാതെ അവസാനം പ്രകൃതിയും തിരിച്ചടിച്ചു. 2018 ൽകേരളം കണ്ട ഏറ്റവും വലിയ പ്രളയം കഴിഞ്ഞു ,തണുപ്പുകാലവും വന്നു പോയി ഇപ്പോഴിതാ വേനൽകാലം വന്നിരിക്കുന്നു .സ്കൂൾ വിട്ടുവന്നാൽ മുറ്റമടിക്കേണ്ട ജോലി എനിക്കാണ് വീട്ടിലെത്തിയതും ഒരു കാറ്റ് വീശി വാനൽകാലം ആയതിനാൽ കരിയിലകളെല്ലാം വീട്ടുമുറ്റത്ത് നിറഞ്ഞോളും അതു കാണുമ്പോൾ തന്നെ എനിക്ക് കലി കയറും .പിന്നെ മുറ്റമാകെ വെള്ളം തളിച്ച് പണിതുടങ്ങും .ഒരു ഭാഗം അടിച്ചുനീക്കുമ്പോഴേക്കും കാറ്റ് വീശി അവിടെയെല്ലാം ഇലകളാൽ നിറഞ്ഞിരിക്കും .നന്ദന്റെ സൈക്കിൾ കൊൺ വേറൊരു അഭ്യാസം .അങ്ങനെ അങ്ങനെ കഷ്ടപെട്ടങ്കിലും ഞാനാമുറ്റം വൃത്തിയാക്കി മുറ്റത്തിന്റെ തിണ്ണയിൽ ഇരിക്കെ കാറ്റ് വീശി വീണ്ടും കരിയില നിറഞ്ഞു ഞാൻ പതുക്കെ എണീറ്റു ഉമ്മറത്തിരുന്ന അമ്മയെ വിളിച്ചു ചായ കൊണ്ടുവരാൻ പറഞ്ഞു അമ്മ ചായയുമായി വന്നു മുറ്റത്തേക്ക് നോക്കികൊണ്ടു പറഞ്ഞു നീ എന്താടീ മോളെ മുറ്റമടിച്ചില്ലെ ? ഞാൻ അടിച്ചുവാരിയതാണമ്മെ ,എന്നിട്ടാണോ ഈ മുറ്റം ഇങ്ങനെ കരിയില നിറഞ്ഞിരിക്കുന്നത് . ഈ നശിച്ച കാറ്റ് കാരണം അമ്മയുടെ വഴക്കും കേൾക്കേണ്ടി വന്നല്ലോ.ഒരു ദിവസം സ്കൂളിൽ നിന്ന് പഠനയാത്ര പോയി ഒരുപാട് നടക്കാനുണ്ടായിരുന്നു നടന്നു ക്ഷീണിച്ച ഞാൻ ഒരു കല്ലിന്റെ മുകളിൽ ഇരുന്നു പെട്ടന്ന് നല്ലൊരു കാറ്റ് വീശി ആ കാറ്റ് എന്നെ തലോടുന്ന പോലെ എനിക്കുതോന്നി. മുറ്റമടിക്കാൻ മടിയായതുകൊണ്ട് കാറ്റിനെ പഴിപറഞ്ഞു എന്നാലോ ഞാൻ ക്ഷീണിച്ച സമയം എനിക്കത് ആശ്വാസമേകി. ഇതാണ് നമ്മുടെപ്രകൃതി മനുഷ്യർ നശിപ്പിക്കുന്നതും ഇതുതന്നേ...നമുക്ക് നല്ലതു തരുന്ന പ്രകൃതിയെ നശിപ്പിക്കാതിരിക്കുക............



# *സ്നേഹകവാടം*

ഗോപിക . വി.എസ്
10 എ

ഒഴുകുന്ന പുഴപോൽ കവിയുന്ന
സ്നേഹം,അമ്മതൻ മൊഴിയിലും മിഴിയിലും
വാക്കുകൾ കൊണ്ടുനാമെതിരേറ്റ യുദ്ധത്തിൽ
കൈത്തലോടലിലന്ത്യം കുറിച്ചൊരാ യാമങ്ങൾ
മധുവൂറും സ്മരണയിൽ ബാല്യത്തിൽ നെറുകയിൽ
എന്നമ്മതൻ കൈയ്യൊപ്പ് ചേർന്നിരുന്നു
കൺകളിൽ അശ്രു മഴയായ് പൊഴിയുവാൻ
കാലമെന്നുമൊരു കാലനായ്
അമ്മമാറിൽ മയങ്ങിടുമ്പോൾ,തുറക്കുന്നു
അമ്മ തൻ നിർദേശകവാടം
സ്നേഹാർദ്രമന്ത്രകവാടം.



# അനർഘനിമിഷങ്ങൾ






REDMI NOTE 5 PRO
MI DUAL CAMERA






സമഗ്ര ശിക്ഷാ കേരളം





മഷി







മഷി







മഷി













# നന്ദി